മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 20

# വാർത്താക്കുറിപ്പ്

---

## ഗസ്റ്റ് അധ്യാപക ഇന്റർവ്യൂ: ഉദ്യോഗാർത്ഥികൾ നേരത്തെ റിപ്പോർട്ട് ചെയ്യണം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 18 പഠന വകുപ്പുകളിൽ ഒഴിവുള്ള 80 ഗസ്റ്റ് അധ്യാപക ഒഴിവുകളിൽ കരാർ നിയമനത്തിനായി മെയ് 23 മുതൽ 27 വരെ നടക്കുന്ന അഭിമുഖത്തിനെത്തുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സമയത്തിനും ഒരു മണിക്കൂർ നേരത്തെ സർവ്വകലാശാല ആസ്ഥാനത്തെ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ റിപ്പോർട്ട് ചെയ്യണമെന്ന് രജിസ്ട്രാർ അറിയിച്ചു. ഓരോ പഠന വകുപ്പുകളിലേക്കുമുള്ള ഇൻററർവ്യൂ നടക്കുന്ന തീയതിയും സമയക്രമവും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. നിശ്ചിത സമയത്ത് റിപ്പോർട്ട് ചെയ്യാത്തവരെ ഇൻററർവ്യൂവിന് പരിഗണിക്കില്ല.

(പി.ആർ.ഒ./39/618/2022)

## റിസർച്ച് അസ്സോസിയേറ്റ് - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ റിസർച്ച് അസ്സോസിയേറ്റ് തസ്തികയിൽ താത്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഓപ്പൺ വിഭാഗത്തിനായുള്ള ഒഴിവിലേക്ക് കെമിസ്ട്രിയിലൊ പോളിമർ കെമിസ്ട്രിയിലൊ ഉള്ള ബിരുദാനന്തര ബിരുദവും പോളിമർ സയൻസ്, നാനോടെക്നോളജി, എനർജി മെറ്റീരിയൽസ് എന്നിവയിലേതിലെങ്കിലുമൊന്നിലുള്ള പി.എച്ച്.ഡി. യോഗ്യതയും ഉണ്ടായിരിക്കണം. കൂടാതെ, ഉയർന്ന നിലവാരമുള്ള പ്രസിദ്ധീകൃതമായ പ്രബന്ധങ്ങളും ഉണ്ടായിരിക്കണം. അന്തർദ്ദേശീയ നിലവാരമുള്ള ലാബുകളിൽ പോസ്റ്റ് ഡോക്ടറൽ എക്സ്പീരിയൻസുള്ളവർക്ക് മുൻഗണനയുണ്ടാതിരിക്കും.

പ്രായം 50 വയസ് കവിയരുത്. തിരഞ്ഞെടുക്കുന്നയാൾക്ക് സഞ്ചിത നിരക്കിൽ പ്രതിമാസം 60,000 രൂപ പ്രതിഫലം ലഭിക്കും. നേരിട്ടുള്ള അഭിമുഖത്തിലൂടെയായിരിക്കും തെരഞ്ഞെടുക്കുക. ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ഡെപ്യൂട്ടി രജ്സ്ട്രാർ II (അഡ്മിൻ), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., അതിരമ്പുഴ, കോട്ടയം, പിൻ - 686560 എന്ന വിലാസത്തിൽ ജൂൺ 3 വൈകിട്ട് അഞ്ച് വരെ തപാൽ മുഖേനയോ നേരിട്ടോ സ്വീകരിക്കും. നിയമന കാലാവധി ഒരു വർഷമായിരിക്കും. എന്നാൽ പ്രവർത്തന മികവിൻ്റെ അടിസ്ഥാനത്തിൽ അത് മൂന്ന് വർഷം വരെ നീട്ടി നൽകാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/619/2022)

## അപേക്ഷാ തീയതി നീട്ടി

മൂന്നാം സെമസ്റ്റർ എം.ബി.എ. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ -സപ്ലിമെന്ററി പരീക്ഷകൾക്കുള്ള അപേക്ഷാ തീയതി നീട്ടി. 525 രൂപ പിഴയോട്ടു കൂടി ഇന്നും (മെയ് 21) 1050 രൂപ സൂപ്പർഫൈനോട്ടു കൂടി നാളെയും (മെയ് 22) അപേക്ഷിക്കാം.

(പി.ആർ.ഒ./39/620/2022)

## പരീക്ഷാ ഫീസ്

ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി / ഇന്റലക്ച്വൽ ഡിസെബിലിറ്റി - 2021 അഡ്മിഷൻ - റെഗുലർ / 2018-2020 അഡ്മിഷൻ - സപ്ലിമെന്ററി / 2017 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2016 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2015 അഡ്മിഷൻ -തേർഡ് മേഴ്സി ചാൻസ്) (ക്രെഡിറ്റ് & സെമസ്റ്റർ) പരീക്ഷകൾ ജൂൺ മൂന്നിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 25 വരെയും 525 രൂപ ഫൈനോട്ടു കൂടി മെയ് 26 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 27 നും അപേക്ഷിക്കാം. ടൈം ടേബിളും, പരീക്ഷാ ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/621/2022)

ഒന്നാം സെമസ്റ്റർ എം.എഡ്. (സ്പെഷ്യൽ എഡ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി - ദ്വിവത്സരം - 2021 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ജൂൺ മൂന്നിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 23 വരെയും 525 രൂപ ഫൈനോട്ടു കൂടി മെയ് 24 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 25 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടക്കണം. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/622/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ